കേരള കൗമുദി

**30 November 2025**



അഷ്ടമുടി കായലിൽ നിന്ന് കക്ക വാരുന്ന തൊഴിലാളി

## അഷ്ടമുടി കായലിൽ

# പൂവൻ കക്കയുടെ ചാകരക്കാലം

കൊല്ലം: അഷ്ടമുടി കായലിലെ പൂവൻ കക്ക സമ്പത്ത് വർദ്ധിപ്പിക്കാനുള്ള കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ(സി.എം.എഫ്.ആർ.ഐ) ശ്രമങ്ങൾ ഫലം കാണുന്നു. സി.എം.എഫ്.ആർ.ഐ നടത്തിയ ഫീൽഡ്സർവേയിൽ കക്കയിനത്തിന്റെ ഉത്പാദനം ഉയർന്നതായും വിത്തു കക്കകൾ കായലിൽ വ്യാപകമായതായും കണ്ടെത്തി.

സി.എം.എഫ്.ആ.ർഐയുടെ വിഴിഞ്ഞം റീജണൽ സെന്ററിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം 30 ലക്ഷം കക്ക വിത്തുകൾകായലിൽ നിക്ഷേപിച്ചിരുന്നു. 2018ലെ പ്രളയാനന്തരം അഷ്ടമുടിയിൽ കക്ക വിത്തുത്പാദനം ഗണ്യമായി കുറഞ്ഞ പശ്ചാത്തലത്തിലാണ് പുനരുജ്ജീവന ശ്രമങ്ങൾക്ക് കഴിഞ്ഞ വർഷം തുടക്കമിട്ടത്. കായലിലെകക്കസമ്പത്ത് പൂർവസ്ഥിതിയിലാക്കുന്നതിനും ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിനുമായണ് പുനരുജ്ജീവന പദ്ധതി.

ഷെൽഫിഷ്ഫിഷറീസ്വിഭാഗം നടത്തിയ സർവേയിൽ കക്ക വിത്തുൽപാദനത്തിൽ പുരോഗതികൈവരിച്ചതായികണ്ടെത്തി. ഉയർന്ന തോതിൽ ഉപ്പുരസമുള്ള ഭാഗങ്ങളിലാണ് കൂടുതലായും കക്ക കുഞ്ഞുങ്ങളെ കണ്ടെത്തിയത്. ഇവയുടെവളർച്ചസുഗമമാക്കാൻകായലിൽ കക്ക സമ്പത്ത് പൂർവസ്ഥിതിയിലാക്കുന്നതിനമായി ഡിസംബർഒന്ന്മുതൽമൂന്ന്മാസത്തേക്ക് കായലിൽ നിന്ന് കക്ക വാരുന്നതിൽ നിരോധനം ഏർപ്പെടുത്തണമെന്ന്സി.എം.എഫ്. ആർ.ഐ നിർദേശിച്ചു.



### കക്ക കുഞ്ഞുങ്ങളുടെ അതിജീവനം 80%

- വിഴിഞ്ഞം കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എം.കെ. അനിലിന്റെ മേൽനോട്ടത്തിൽ കഴിഞ്ഞ വർഷംനിക്ഷേപിച്ചകക്കകുഞ്ഞുങ്ങളിൽ80ശതമാനത്തോളം അതിജീവന നിരക്ക് ലഭിച്ചതായി കണ്ടെത്തി
- നിക്ഷേപിച്ച് ഏഴ്മാസത്തിനുള്ളിൽ തന്നെ കക്ക കുഞ്ഞുങ്ങൾ 34 മില്ലി മീറ്റർ വലിപ്പമെത്തി
- ഒക്ടോബർമുതലാണ് ഇവയുടെ പ്രജനന കാലം ആരംഭിക്കുന്നത്
- വിവിധ വലിപ്പത്തിലുള്ള കക്കകളാണ് കായലിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടെത്താനായത്
- കഴിഞ്ഞമാസം രേഖപ്പെടുത്തിയഏറ്റവുംചെറിയവിത്തിന്റെ അളവ്2.38 മില്ലിമീറ്ററാണ്

> ഇനിയുള്ളമാസങ്ങൾകക്കയുടെവളർച്ചയ്ക്ക്നിർണായകമാണ്. അതിനാലാണ്ഡിസംബർമുതൽമൂന്ന്മാസത്തേക്ക് കക്ക വാരൽ നിരോധിക്കാനുള്ള നിർദേശം മുന്നോട്ടു വച്ചത്.
>
> *ഡോ.ഗീത ശശികുമാർ*
> *പ്രിൻസിപ്പൽ സയന്റിസ്റ്റ്, സി.എം.എഫ്.ആർ.ഐ*